**ശ്രദ്ധക്ഷണിക്കൽ**

**പ്രവാസികളുടെ പുനരധിവാസം സംബന്ധിച്ച്**

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: സർ, ഗൾഫ് രാഷ്ട്രങ്ങളിൽ പുതിയ തൊഴിൽ നിയമങ്ങൾ കർശനമാക്കിയതോടെ അവിടെ ജോലി ചെയ്യുന്ന കേരളീയരായ പ്രവാസികൾ ഏറെ ഭീതിയിലും അരക്ഷിതാവസ്ഥയിലുമാണ്. കേരളത്തിൽനിന്ന് ഇന്ന് ഏകദേശം 25 ലക്ഷം പേരാണ് വിദേശത്ത് ജോലി ചെയ്യുന്നത്. കുടുംബം പോറ്റാൻ വിദേശരാജ്യത്തെത്തി അന്നത്തിനായി പൊരുതുന്നവരാണ് ഗൾഫ് രാഷ്ട്രങ്ങളിൽ ഏറെയുമുള്ളത്. വിദേശത്ത് ജോലി ചെയ്ത് അല്ലലില്ലാതെ കുടുംബം പോറ്റിയവർ ഒരു പ്രഭാതത്തിൽ വെറുംകയ്യോടെ തിരിച്ചെത്താൻ വിധിക്കപ്പെടുകയാണ്. രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡെവലപ്മെന്റ് സ്റ്റഡീസിന്റെ കണക്കുപ്രകാരം വെറുംകയ്യോടെ തിരിച്ചെത്തുന്നവരാണ് 70 ശതമാനവും. 47 ശതമാനംപേർ ദൈനംദിന ചെലവുകൾക്ക് ബുദ്ധിമുട്ടുന്നവരാണ്. ഇതിൽ 70 ശതമാനംപേർ കടക്കെണിയിലാണ്. ഇവരുടെ വിയർപ്പിന്റെ ഫലം നമ്മുടെ നാട്ടിലുണ്ടാക്കിയ മാറ്റങ്ങളെ കാണാതിരുന്നുകൂടാ. കഴിഞ്ഞ സാമ്പത്തിക വർഷം വിദേശ ഇന്ത്യക്കാരിൽനിന്ന് നമ്മുടെ രാജ്യത്ത് ലഭിച്ചത് 3,42,884 കോടി രൂപയാണ്. ഇതിൽ 58,160 കോടി രൂപ മലയാളികളുടെ സംഭാവനയാണ്. കേരളത്തിന്റെ മൊത്തം ആഭ്യന്തര വരുമാനത്തിന്റെ 32 ശതമാനത്തോളം പ്രവാസി വിഹിതമാണ്. ഈ ജനവിഭാഗത്തെ അർഹിക്കുന്ന പരിഗണനയോടെ പരിരക്ഷിക്കാൻ നമുക്കാകണം. ഭൂപരിഷ്കരണവും വിദ്യാഭ്യാസ പുരോഗതിയും മാത്രമല്ല കേരളീയ

സമൂഹത്തിന്റെ സാമൂഹ്യവളർച്ചയ്ക്ക് വഴിയൊരുക്കിയത്. ലോഞ്ചുകളിൽക്കയറി പ്രവാസിയാത്ര ആരംഭിച്ച അടിസ്ഥാന വർഗ്ഗത്തിന്റെ ഉന്നതി ഫ്യൂഡൽ വ്യവസ്ഥകളെപ്പോലും പൊളിച്ചെഴുതിയിട്ടുണ്ട്. 62,000 കോടി രൂപയാണ് കേരളത്തിൽ ഇവരുടെ ബാങ്ക് നിക്ഷേപം. പ്രവാസികളിൽ 30 ശതമാനത്തോളംപേർ ബിരുദധാരികളാണ്. സംസ്ഥാന സർക്കാരിന് ശരാശരി 20000 പേർക്കാണ് ഒരു വർഷം തൊഴിൽ കണ്ടെത്തിക്കൊടുക്കാനാകുന്നത്. ഈ നിലയിൽ 25 ലക്ഷം പേർക്ക് തൊഴിൽ കൊടുക്കുവാൻ ഒരു നൂറ്റാണ്ട് വേണ്ടിവരും. രാജ്യത്ത് വിദേശ നിക്ഷേപത്തേക്കാൾ അധിക തുകയാണ് ഓരോ വർഷവും പ്രവാസികൾ നാട്ടിലെത്തിക്കുന്നത്. നിക്ഷേപകർക്ക് ഒട്ടേറെ ആനുകൂല്യങ്ങൾ കൊടുക്കുവാൻ തയ്യാറാകുമ്പോഴും പ്രവാസികൾക്ക് ഒരാനുകൂല്യവും നൽകുന്നില്ല. വിദേശനിക്ഷേപം 1.8 ലക്ഷം കോടി രൂപയും വിദേശ വായ്പ 1.3 ലക്ഷം കോടി രൂപയുമാണെന്നിരിക്കെ പ്രവാസികൾ അയയ്ക്കുന്നത് 2.5 ലക്ഷം കോടി രൂപയാണെന്ന് ഓർക്കണം. സൗദി അറേബ്യയിൽ നടപ്പാക്കിയ നിതാഖാത്ത് നിയമത്തിന് പുറമേ കുവൈറ്റിലും സ്വദേശിവൽക്കരണത്തിന്റെ ഭാഗമായി തൊഴിൽ മേഖലയിൽ പുതിയ നടപടികൾ ആരംഭിച്ചു കഴിഞ്ഞു. മസ്ക്കറ്റും ബഹറിനും ആ പാതയിൽത്തന്നെയാണ്. നിതാഖാത്ത് നിയമത്തിന്റെ കാലാവധി തീരാൻ ഇനി മൂന്നാഴ്ചയാണ് ബാക്കിയുള്ളത്. മടങ്ങുന്നവരെ നാട്ടിലെത്തിക്കുവാനുള്ള വിമാനസൗകര്യം ഏർപ്പെടുത്തണം. തൊഴിലാളികളുടെ രണ്ടോ മൂന്നോ മാസത്തെ ശമ്പളം ഒരു വിമാന ടിക്കറ്റിനായി കൊടുക്കേണ്ടിവരുന്നു. ഇതിന് പരിഹാരമുണ്ടാക്കണം. സൗദിയിൽനിന്ന് തിരിച്ചെത്തുന്നവർക്കുള്ള ഹെൽപ്പ് ഡെസ്ക് സൗകര്യം മറ്റ് ഗൾഫ്

രാഷ്ട്രങ്ങളിൽനിന്ന് തിരിച്ചെത്തുന്നവർക്കുകൂടി നൽകണം. ഇവരെ പുനരധിവസിപ്പിക്കുന്നതിനും തൊഴിൽ കണ്ടെത്തുന്നതിനുമുള്ള പദ്ധതികൾ സർക്കാർ ആവിഷ്കരിക്കണം. മക്കളുടെ വിദ്യാഭ്യാസ വായ്പയുടെ പലിശ ഇളവ് ചെയ്യണം. മക്കളുടെ വിദ്യാഭ്യാസത്തിന് മാത്രമായി അയൽസംസ്ഥാനങ്ങളിൽ പ്രവാസികൾ നിക്ഷേപിച്ചത് 1,703 കോടി രൂപയാണ്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്യാൻ അവർക്ക് അവസരം കൊടുക്കണം. ഇത്തരക്കാരുടെ മക്കൾക്ക് എൻ.ആർ.ഐ. ക്വാട്ടയിൽ അനുവദിച്ച പ്രൊഫഷണൽ കോഴ്സുകളുടെ ഫീസ് സാധാരണ ഫീസാക്കി ഇളവ് ചെയ്യണം. ജോലി വൈദഗ്ദ്ധ്യമുള്ളവർക്ക് മോഡുലാർ എംപ്ലോയ്മെന്റ് സ്കീം നടപ്പാക്കി അംഗീകൃത സർട്ടിഫിക്കറ്റ് നൽകുവാൻ സർക്കാരിന്റെ ഭാഗത്തുനിന്ന് നടപടിയുണ്ടാകണം. സൗദി അറേബ്യയിൽ കാര്യക്ഷമമായി ഇടപെട്ടതുപോലെ കുവൈറ്റിലും ഒരു ഉന്നതതല ഇടപെടൽ നടത്തി ഗാർഹിക ജോലിക്കുപോയ വിസക്കാർക്ക് സ്വതന്ത്രമായി ജോലി ചെയ്യാനുള്ള വിസയിലേയ്ക്ക് മാറാൻ അവസരം സൃഷ്ടിക്കണം. കേരള ഗവൺമെന്റും കേന്ദ്ര ഗവൺമെന്റും ഇടക്കാലത്ത് ഇടപെട്ടതുവഴി ഒട്ടേറെ മുന്നോട്ടുപോകുവാൻ നമുക്ക് സാധിച്ചിട്ടുണ്ട്. കുവൈറ്റിന്റെ കാര്യത്തിലും സൗദിയെപ്പോലെ കാര്യക്ഷമമായ ഇടപെടലുണ്ടാകണമെന്നും ഇത്തരം അടിയന്തരമായ കാര്യങ്ങളിൽ ക്രിയാത്മകമായ നടപടികൾ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകണമെന്നും ഈ ശ്രദ്ധക്ഷണിക്കലിലൂടെ ആവശ്യപ്പെടുകയാണ്.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ, നമ്മുടെ നിയമസഭയുടെ പ്രവാസിക്ഷേമകാര്യസമിതി ചെയർമാൻകൂടിയായ ശ്രീ. അബ്ദുറഹിമാൻ

രണ്ടത്താണി ഉന്നയിച്ച വിഷയം വളരെയേറെ ഗൗരവമായ കാര്യമാണ്. ഗൾഫ് നാടുകൾ എന്നും മലയാളികളുടെ സ്വപ്നഭൂമിയായിരുന്നു. ഏകദേശ കണക്കനുസരിച്ച് ഏതാണ്ട് 30 ലക്ഷത്തിലേറെ മലയാളികൾ ഗൾഫിൽമാത്രം ജോലി ചെയ്യുന്നുണ്ട്. ഗൾഫിലെ മലയാളികളുടെ എണ്ണം സംബന്ധിച്ച് വ്യത്യസ്തമായ കണക്കുകൾ പലരും പറയുന്നുണ്ട്. ഏതായാലും ഇപ്പോൾ ആരംഭിച്ചിട്ടുള്ള നോർക്കയുടെ സർവ്വേ പൂർത്തിയാകുമ്പോൾ വ്യക്തമായ കണക്ക് നമുക്ക് ലഭിക്കും. ഒരവസരത്തിൽ ഗൾഫിൽ ലഭ്യമായ ജോലി അവസരങ്ങൾ നേടിയെടുക്കാനാണ് ODEPEC രൂപീകരിച്ചത്. പക്ഷേ ഇന്ന് നമ്മൾ നേരിടുന്ന പ്രശ്നം മടങ്ങിവരുന്നവരുടെ പുനരധിവാസമാണ്. സൗദി അറേബ്യയിൽ സ്വദേശിവൽക്കരണം ശക്തമാക്കാൻ തീരുമാനിച്ചത് കേരളത്തിനുള്ള വലിയൊരു മുന്നറിയിപ്പായിരുന്നു. സൗദി അറേബ്യയിലെ നടപടികളുടെ തുടർച്ച കുവൈറ്റിലും ആരംഭിച്ചിരിക്കുന്നു. മറ്റ് GCC രാജ്യങ്ങളിലും ഈ നടപടികൾ ആവർത്തിക്കാനുള്ള സാധ്യതകൾ വളരെയധികമാണെന്നുള്ള കാര്യം തള്ളിക്കളയാനാവില്ല. നിതാഖാത്ത് പ്രശ്നമുണ്ടായപ്പോൾത്തന്നെ പ്രശ്നത്തിന്റെ ഗൗരവം ഉൾക്കൊണ്ടുകൊണ്ട് നടപടി സ്വീകരിക്കുവാൻ കേന്ദ്ര ഗവൺമെന്റിനെ പ്രേരിപ്പിക്കാൻ ആദ്യം മുന്നോട്ടുവന്നത് കേരളാ ഗവൺമെന്റായിരുന്നു. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽപ്പോയ മന്ത്രിതല സംഘം ഡൽഹിയിൽ പ്രധാനമന്ത്രി, വിദേശകാര്യ വകുപ്പുമന്ത്രി ശ്രീ.സൽമാൻ ഖുർഷിദ്, പ്രതിരോധ വകുപ്പുമന്ത്രി ശ്രീ. എ. കെ. ആന്റണി, പ്രവാസികാര്യ വകുപ്പുമന്ത്രി ശ്രീ. വയലാർ രവി, വിദേശകാര്യ സഹമന്ത്രി ശ്രീ. ഇ. അഹമ്മദ് എന്നിവരെക്കണ്ട് ഈ വിഷയം ചർച്ച ചെയ്യുകയും തുടർന്ന് പ്രധാനമന്ത്രി ആവശ്യപ്പെട്ട പ്രകാരം കേന്ദ്ര മന്ത്രിമാരായ

ശ്രീ. വയലാർ രവിയും ശ്രീ. ഇ. അഹമ്മദും സൗദിയിലെത്തി ചർച്ചകൾ നടത്തുകയും ചെയ്തു. ഇന്ത്യയുടെ ആശങ്ക പരിഹരിക്കുവാൻ വളരെ നല്ല നടപടികളാണ് സൗദി ഗവൺമെന്റ് സ്വീകരിച്ചത്. നമ്മുടെ പ്രതീക്ഷയിൽ കവിഞ്ഞ സൗഹൃദം കാണിച്ച സൗദി ഗവൺമെന്റിനോട് കേരളത്തിന് വളരെ യേറെ നന്ദിയുണ്ട്. കഴിഞ്ഞ ദിവസം ഞാൻ റിയാദിൽവച്ചും ദമാമിൽവച്ചും മലയാളി സംഘടനകളുമായും ഇന്ത്യൻ അംബാസഡർ ശ്രീ. ഹമീദാലി റാവു, ഡപ്യൂട്ടി ചീഫ് ഓഫ് മിഷൻ ശ്രീ. സിബി ജോർജ് എന്നിവരുമായും ചർച്ച നട ത്തുകയുണ്ടായി. പ്രശ്നപരിഹാരത്തിനുവേണ്ടി ഇന്ത്യൻ എംബസി നടപടി കൾ സ്വീകരിക്കുന്നുണ്ട്. ഈ ഉദ്യമത്തിൽ സാമൂഹിക പ്രവർത്തകരുടെ പൂർണ്ണമായ സഹകരണം ലഭിക്കുന്നുണ്ട്. ഇന്ത്യൻ അംബാസഡർ ശ്രീ. ഹമീ ദാലി റാവുവും ഡപ്യൂട്ടി ചീഫ് ഓഫ് മിഷൻ മലയാളികൂടിയായ ശ്രീ. സിബി ജോർജും ഇക്കാര്യത്തിൽ വളരെയേറെ ശ്രമങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. നിതാഖാത്ത് നിയമം ചർച്ച ചെയ്ത മന്ത്രിസഭായോഗം ഗൾഫിൽനിന്ന് മടങ്ങിവരുന്ന മലയാളികളുടെ പുനരധിവാ സത്തിനുവേണ്ടി പ്രവാസികാര്യ വകുപ്പുമന്ത്രി ചെയർമാനായും ധനകാര്യ വകുപ്പുമന്ത്രി, തൊഴിൽ വകുപ്പുമന്ത്രി, നഗരകാര്യ വകുപ്പുമന്ത്രി, റവന്യൂ വകുപ്പുമന്ത്രി എന്നിവർ അംഗങ്ങളായും ചീഫ് സെക്രട്ടറി കൺവീനറായും കമ്മിറ്റി രൂപീകരിക്കുകയുണ്ടായി. കമ്മിറ്റി വിശദമായ ചർച്ചകൾക്കുശേഷം ഇൻകെലിന്റെ മാനേജിംഗ് ഡയറക്ടർ ശ്രീ. ടി. ബാലകൃഷ്ണൻ ഐ.എ.എസ്. ചെയർമാനായും നോർക്ക സെക്രട്ടറി കൺവീനറായും പത്തംഗങ്ങളുള്ള ഒരു ഉപസമിതി രൂപീകരിച്ചു. ഈ കമ്മിറ്റി സമർപ്പിച്ച വിശദമായ റിപ്പോർട്ട് ഗവൺമെന്റിന്റെ പരിഗണനയിലാണ്. നിതാഖാത്ത് പ്രശ്നമുണ്ടായപ്പോൾ മുതൽ ഇതുമൂലം മടങ്ങിവരുന്നവരുടെ വിവരങ്ങൾ ശേഖരിക്കാൻ മൂന്ന് വിമാ

നത്താവളങ്ങളിലും 'നോർക്ക ഹെൽപ്പ് ഡെസ്ക്' ആരംഭിക്കുകയുണ്ടായി. ഈ കാലയളവിൽ ഏതാണ്ട് 5615 പേരോളം മടങ്ങിയെത്തിയതായിട്ടാണ് അറിയാൻ സാധിച്ചിട്ടുള്ളത്. നിയമവിധേയമല്ലാതെ സൗദിയിൽ കഴിയുന്നവർ ജൂലൈ മൂന്നിനുമുമ്പ് എംബസിയിൽ പേര് രജിസ്റ്റർ ചെയ്യണമെന്നാണ് വ്യവസ്ഥ. ഇനി മൂന്നാഴ്ചയേ ബാക്കിയുള്ളൂ. ഇതിനോടകം ഏതാണ്ട് 20000-ത്തിൽപ്പരം ആളുകൾ രജിസ്റ്റർ ചെയ്തുവെങ്കിലും മലയാളികൾ ഏതാണ്ട് ആറായിരത്തിൽത്താഴെയാണുള്ളത്. ഭയപ്പെട്ടതുപോലെ മലയാളികളുടെ വലിയയൊരു സംഖ്യയുണ്ടാകാനിടയില്ല. എങ്കിലും നിയമവിധേയമല്ലാതെ അവിടെ കഴിയുന്നവർ അവിടെ ലഭ്യമായിട്ടുള്ള ജോലി അവസരങ്ങൾ നേടാൻ ശ്രമിക്കുന്നുണ്ട്. ജൂൺ അവസാനത്തോടുകൂടി മടങ്ങിവരവ് ആരംഭിക്കും. അങ്ങനെ വരുമ്പോൾ ആവശ്യമായ യാത്രാസൗകര്യമുണ്ടാകണം. ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി ചൂണ്ടിക്കാണിച്ചതുപോലെ അവർക്ക് അമിതമായ ചാർജ്ജ് കൊടുക്കാതെ ന്യായമായ ചാർജ്ജ് കൊടുത്ത് മടങ്ങാനുള്ള സാഹചര്യമുണ്ടാക്കാൻ തീർച്ചയായും കേരള ഗവൺമെന്റ് ഇന്ത്യാ ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തും. ഏതായാലും ഗൗരവമായ ഈ വിഷയം വലിയൊരു മുന്നറിയിപ്പാണ്. അതുകൊണ്ട് അവർ മടങ്ങിവരുമ്പോൾ അവർക്കാവശ്യമായ പുനരധിവാസത്തിന് ഗവൺമെന്റ് നടപടി സ്വീകരിക്കും. ഇക്കാര്യത്തിൽ ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ ചെയ്യാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: സർ, പ്രധാനപ്പെട്ട ഒരു വിഷയമുള്ളത്, അവിടെ നിന്നും മടങ്ങിയെത്തുന്നവർക്ക് തൊഴിലും മറ്റു

കാര്യങ്ങളും ചെയ്യുന്നതിനുവേണ്ടി ആവശ്യമായ ധനസഹായത്തോടുകൂടി യുള്ള പദ്ധതികൾ സർക്കാർ ആവിഷ്കരിക്കുമെന്ന് പറഞ്ഞിട്ടുണ്ട്. അങ്ങനെ യുള്ള പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ അവർക്ക് വയബിൾ പ്രോജ്കട് തയ്യാറാക്കുന്നതിന് അനുസൃതമായ സാങ്കേതിക സൗകര്യംകൂടി ചെയ്തുകൊ ടുക്കാൻ സർക്കാർ തയ്യാറാകണം. അതോടൊപ്പം വൈദഗ്ദ്ധ്യമുള്ള തൊഴിലാ ളികൾക്ക് കേന്ദ്ര ഗവൺമെന്റിന്റെ അനുമതിയോടുകൂടി സർട്ടിഫിക്കറ്റുകൾ നൽകാനുള്ള നടപടികൾകൂടി സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകണം.

<u>ശ്രീ. കെ. സി. ജോസഫ്:</u> സർ, ഇത് വളരെ നല്ല നിർദ്ദേശമാണ്. മടങ്ങി വരുന്ന ആളുകൾക്ക് അവിടെയുണ്ടായിരുന്ന സാങ്കേതികമായ അറിവും ജോലി വൈദഗ്ദ്ധ്യവും പ്രയോജനപ്പെടുത്തി ആവശ്യമായ തൊഴിൽ സൗകര്യ ങ്ങളുണ്ടാക്കാൻ സംസ്ഥാന ഗവൺമെന്റ് വിവിധ വകുപ്പുകളുമായും അതു പോലെ ധനകാര്യ സ്ഥാപനങ്ങളുമായും ബാങ്കുകളുമായും ചർച്ച നടത്തു ന്നുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ മടങ്ങി വരുന്നവരെ സഹായിക്കുന്നതി നുള്ള നടപടികൾ തീർച്ചയായും സ്വീകരിക്കുന്നതാണ്.

<u>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി:</u> സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി മടങ്ങിവരുന്നവരുടെ വിമാനടിക്കറ്റിന്റെ കാര്യം സംസാരിക്കുമെന്ന് കരു തുന്നു. കാരണം മൂന്ന് ആഴ്ചയേയുള്ളൂ.

മുഖ്യമന്ത്രി (<u>ശ്രീ. ഉമ്മൻ ചാണ്ടി</u>): സർ, വിശദമായ മറുപടി നോർക്ക യുടെ ചാർജ്ജ് വഹിക്കുന്ന മന്ത്രി പറഞ്ഞു. ഇതുമായി ബന്ധപ്പെട്ട് അദ്ദേഹം സൗദി അറേബ്യ സന്ദർശിച്ചതാണ്. സൗദി അറേബ്യയിലെയും കുവൈറ്റി ലേയും കാര്യങ്ങൾ സംസ്ഥാന ഗവൺമെന്റ് അതീവ ജാഗ്രതയോടുകൂടി യാണ് വീക്ഷിച്ചുകൊണ്ടിരിക്കുന്നത്. കാരണം അക്കാര്യത്തിൽ നമ്മുടെ താല്പര്യം വളരെയധികമാണ്. സൗദി അറേബ്യയിൽ ഇന്ന് അവിടെത്തെ

ഗവൺമെന്റ് എടുത്തിരിക്കുന്ന തീരുമാനം നമുക്ക് വളരെയധികം ആശ്വാസകരമാണ്. കാലാവധി നീട്ടിത്തന്നു, വീണ്ടും നീട്ടുന്നതിനുള്ള നടപടികളുമായി അവർ മുന്നോട്ടുനീങ്ങുകയാണ്. ഇൻഡ്യാ ഗവൺമെന്റ് വഴി നമ്മൾ മുന്നോട്ടു വച്ച ആവശ്യങ്ങൾ അംഗീകരിച്ചുകൊണ്ടുള്ള ഒരു സമീപനമാണ് സൗദി അറേബ്യ എടുത്തിട്ടുള്ളത്. കുവൈറ്റിൽനിന്ന് വരുന്ന വാർത്തകൾ നമുക്ക് അല്പം ആശങ്കയുളവാക്കുന്നതാണ്. അതിനും പരിഹാരമുണ്ടാക്കുന്നതിന് പരമാവധി ശ്രമിക്കുന്നതാണ്. ഈ വിഷയം സംബന്ധിച്ച് കേന്ദ്ര വിദേശകാര്യ മന്ത്രി ശ്രീ. സൽമാൻ ഖുർഷിദുമായും സഹമന്ത്രി ശ്രീ. ഇ. അഹമ്മദ് സാഹിബ്ബുമായും പ്രവാസികാര്യ മന്ത്രി ശ്രീ. വയലാർ രവിയുമായും സംസാരിച്ചു. അവർ ഇക്കാര്യത്തിൽ ഇടപെട്ടിട്ടുണ്ട്. ഒരു പരിഹാരമാർഗ്ഗമുണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

<u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ :</u> സർ, .......

<u>ശ്രീ. ഉമ്മൻ ചാണ്ടി:</u> സർ, മടങ്ങിവരുന്നവർക്ക് വിമാനയാത്ര അനുവദിക്കുന്നത് സംബന്ധിച്ച് സൗദി അറേബ്യയിൽ എംബസ്സിയുമായി നമ്മൾ ബന്ധപ്പെടുന്നുണ്ട്. എംബസ്സി തന്നെ മുൻകയ്യെടുത്ത് ടിക്കറ്റെടുക്കുന്നുണ്ട്. അവർക്ക് എടുക്കാൻ ബുദ്ധിമുട്ടുള്ള കാര്യങ്ങളിൽ നമ്മൾ എടുക്കും. കുവൈറ്റിൽ അവർ എംബസ്സിയെപ്പോലും അറിയിക്കുന്നില്ല. ഇൻഡ്യയിലെ വിടെയ്ക്കെങ്കിലും വിമാനത്തിൽ കയറ്റി അയയ്ക്കുകയാണ് ചെയ്യുന്നത്. അങ്ങനെയുള്ളവരുടെ കാര്യത്തിൽ നോർക്ക ഡൽഹിയിൽ ആവശ്യമായ സംവിധാനമൊരുക്കിയിട്ടുണ്ട്. അങ്ങനെ വരുന്നവരെ ഡൽഹിയിലെ കേരള ഹൗസിൽ താമസിപ്പിക്കാനും അവിടെ നിന്ന് കേരളത്തിലേയ്ക്ക് അയയ്ക്കാനുമുള്ള സംവിധാനമുണ്ടാക്കിയിട്ടുണ്ട്.

## (2) ദേശീയപാത 17-ന്റെ വികസനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, എറണാകുളം, തൃശ്ശൂർ, മലപ്പുറം എന്നീ ജില്ലകളിലുൾപ്പെടുന്ന കുറ്റിപ്പുറം-ഇടപ്പള്ളി ദേശീയപാത 45 മീറ്ററായി വികസിപ്പിക്കുന്നതുമായി ബന്ധപ്പെട്ടുകൊണ്ട് 111.73 കിലോമീറ്റർ നീളമുള്ള റോഡിന്റെ സ്ഥലമെടുപ്പ് നടപടികൾ നടന്നുകൊണ്ടിരിക്കുകയാണ്. നേരത്തെ 3 എ നോട്ടിഫിക്കേഷൻ നടത്തുകയും അതുമായി ബന്ധപ്പെട്ട് ഹൈവേയ്ക്കു വേണ്ടി സ്ഥലം എടുക്കാനുള്ള നടപടികളുണ്ടാകുകയും ചെയ്തു. ഭൂമി നഷ്ടപ്പെടുന്ന ആളുകൾക്ക് നഷ്ടപരിഹാരം നൽകുന്നത് സംബന്ധിച്ച പാക്കേജോ വിശദവിവരങ്ങളോ ലഭിക്കാത്തതിനെത്തുടർന്ന് അന്ന് സർവ്വേ നടപടികൾ രാഷ്ട്രീയപാർട്ടികളും ജനങ്ങളും ചേർന്ന് തടയുന്ന ഒരു സ്ഥിതി വിശേഷമുണ്ടായി. അതിനുശേഷം കളക്ടർ രണ്ടുതവണ സർവ്വകക്ഷിയോഗം വിളിച്ചു. ആ യോഗത്തിൽ സ്ഥലം നഷ്ടപ്പെടുന്നവർക്കുള്ള പ്രത്യേകമായ ചില പാക്കേജുകൾ സർക്കാരിനുവേണ്ടി കളക്ടർ മുന്നോട്ടുവച്ചു. ആ കാര്യത്തിൽ ഗവൺമെന്റ് ഉറപ്പു നൽകിയതിനുശേഷം മാത്രമേ ഫൈനൽ നോട്ടിഫിക്കേഷൻ വരികയുള്ളൂവെന്നും അതിന് മുമ്പ് സർവ്വേ നടപടികൾ തടസ്സപ്പെടുത്താതിരിക്കണമെന്നും ആവശ്യപ്പെട്ടതിനെത്തുടർന്ന് രാഷ്ട്രീയ പാർട്ടികളും ജനപ്രതിനിധികളും സർക്കാരിന്റെ വാദം അംഗീകരിച്ചുകൊണ്ട് സർവ്വേ നടപടികൾ പൂർത്തീകരിക്കുന്നതിന് അനുവാദം കൊടുക്കുകയാണുണ്ടായത്. എന്നാൽ അതിനിടയിലും പ്രത്യേകമായ സമരസമിതി രൂപീകരിച്ചുകൊണ്ട് ഭൂമി നഷ്ടപ്പെടുന്ന ആളുകൾ വ്യത്യസ്തമായ സമരങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നുണ്ട്. പോലീസിനെ ഉപയോഗിച്ച് അവരെ അറസ്റ്റ് ചെയ്തുകൊണ്ടും കേസ്സെടുത്തുകൊണ്ടും സർവ്വേ നടപടികൾ പൂർത്തീകരിച്ച്

കൊണ്ടിരിക്കുകയാണ്. ഇന്നിവിടെ ഈ കാളിംഗ് അറ്റൻഷൻ കൊണ്ടുവരാനുള്ള പ്രധാനപ്പെട്ട കാരണം, ഭൂമി നഷ്ടപ്പെടുന്നവർക്ക് മതിയായ നിലയിലുള്ള നഷ്ടപരിഹാരം, നാട്ടുനടപ്പ് വിലയനുസരിച്ച് ഭൂമിയുടെ വില കൊടുക്കുമെന്നും വീട് നഷ്ടപ്പെടുന്നവർക്ക് വീടിന്റെ തരമനുസരിച്ചും ഘടനയനുസരിച്ചും പി.ഡബ്ല്യൂ.ഡി. റേറ്റിൽ തുക നൽകുമെന്നും കട നഷ്ടപ്പെടുന്ന ആളുകൾക്ക് പുനരധിവാസ പാക്കേജും പൂർണ്ണമായും വീട് നഷ്ടപ്പെടുന്നവർക്ക് മൂന്ന് സെന്റ് സ്ഥലവും വീടും വച്ചു കൊടുക്കുമെന്നതും ഉൾപ്പെടെയുള്ള കാര്യങ്ങൾ സർക്കാരിന്റെ പരിഗണനയിലാണെന്നും മൂന്നു കൊല്ലത്തിനിടയിൽ അഞ്ചു കിലോമീറ്റർ വിസ്തൃതിയിൽ അവിടെ ഭൂമിക്ക് രജിസ്ട്രേഷൻ നടന്നിരിക്കുന്ന ഏറ്റവും ഉയർന്ന തുക പരിഗണിച്ചുകൊണ്ട് നഷ്ടപരിഹാരം കൊടുക്കുന്നതുൾപ്പെടെ വളരെ നല്ലൊരു പാക്കേജാണ് അന്ന് കളക്ടർ മുന്നോട്ടു വച്ചത്. ഈ വിഷയം അംഗീകരിച്ചുകൊണ്ടാണ് സർവ്വകക്ഷി യോഗം സർവ്വേ നടപടികൾക്കെതിരെയുള്ള നിലപാട് സ്വീകരിക്കാതിരുന്നത്. എന്നാൽ ഇപ്പോൾ ഹൈവേ അതോറിറ്റി അതിന് കടകവിരുദ്ധമായ നിലപാട് സ്വീകരിക്കുകയാണ്. കളക്ടർ പറഞ്ഞ പാക്കേജുകളൊന്നും ബാധകമല്ലെന്ന തരത്തിൽ ഹൈവേ അതോറിറ്റി പല രേഖകളും ഭൂമിനഷ്ടപ്പെടുന്ന ആളുകൾക്ക് കൊടുത്തുകൊണ്ടിരിക്കുകയാണ്. സ്ഥലമേറ്റെടുപ്പുമായി ബന്ധപ്പെട്ടുകൊണ്ട് അവിടെയുള്ള ഉത്തരവാദിത്തപ്പെട്ട രാഷ്ട്രീയപാർട്ടികളും ജനപ്രതിനിധികളുമെല്ലാംതന്നെ 45 മീറ്റർ വീതിൽ റോഡ് വികസിപ്പിക്കുന്നതിനെ എതിർക്കാതിരുന്നത് ജനങ്ങൾക്ക് മതിയായ നഷ്ടപരിഹാരം കൊടുക്കുമെന്ന ഉറപ്പിന്റെ അടിസ്ഥാനത്തിലും സർക്കാരിന്റെ പുനരധിവാസ പാക്കേജ് ഉണ്ടാകുമെന്ന പ്രതീക്ഷയിലുമാണ്. എന്നാൽ

ഹൈവേ അതോറിറ്റി അതിന് കടകവിരുദ്ധമായ സമീപനം സ്വീകരിച്ച സന്ദർഭത്തിൽ വീണ്ടും ഒരു സമരസമിതി അവിടെ രൂപീകരിച്ചു. ഇടതുപക്ഷ ജനാധിപത്യ മുന്നണി എന്ന നിലയിലും അല്ലാത്ത നിലയിലും സർവ്വകക്ഷി യോഗം അവിടെ ചേരുകയും ബഹുമാന്യനായ കെ. രാധാകൃഷ്ണൻ ആ യോഗത്തിൽ പങ്കെടുക്കുകയും ചെയ്തു. അവിടെ ഉയർന്ന ആശങ്ക, ഈ കാര്യത്തിൽ ഗവൺമെന്റിന്റെ ഒരു ഉറപ്പുണ്ടാകണമെന്നുള്ളതാണ്. സ്ഥലമേറ്റെടുക്കുമ്പോൾ ഇരുവശങ്ങളിലും ഒരുപോലെ ഏറ്റെടുക്കുമെന്നാണ് പറഞ്ഞിരുന്നത്. പക്ഷേ, ഇപ്പോൾ ഇരുവശങ്ങളും ഒരുപോലെയല്ല ഏറ്റെടുക്കുന്നത്. ഏകപക്ഷീയമായ നിലയിൽ തോന്നിയതുപോലെ സർവ്വേ നടപടികൾ നടത്തിക്കൊണ്ടിരിക്കുകയാണ്. മാത്രമല്ല ഹൈവേയുടെ അലൈൻമെന്റ് സംബന്ധിച്ചും അതിന്റെ അശാസ്ത്രീയത സംബന്ധിച്ചും നിരന്തരമായി പരാതികളുണ്ടായിട്ടും ആ പരാതികൾ പരിഹരിക്കാൻ ഹൈവേ അതോറിറ്റി ഇപ്പോഴും തയ്യാറായിട്ടില്ല. നൂറ്റാണ്ടുകൾ പഴക്കമുള്ള ആരാധനാലയങ്ങൾ ഉൾപ്പെടെയുള്ള സ്ഥലങ്ങൾ നഷ്ടപ്പെടുകയാണ്. ചില സ്ഥലങ്ങളിൽ എലിവേറ്റഡ് ഹൈവേയുണ്ടാകണമെന്ന് ആളുകൾ ആവശ്യപ്പെട്ടതാണ്. എന്നാൽ അതിൽനിന്ന് ഗവൺമെന്റ് മുഖം തിരിക്കുകയാണ്. അതിന് ഹൈവേ അതോറിറ്റി തയ്യാറാകുന്നില്ല. നഷ്ടപരിഹാരത്തിന്റെ കാര്യത്തിൽ കളക്ടറുടെ ചേംബറിൽ വീണ്ടും പോയപ്പോൾ ഗവൺമെന്റ് ഇക്കാര്യത്തിൽ ഉറച്ചുനിൽക്കുകയാണെന്നാണ് കളക്ടർ പറഞ്ഞത്. അതേസമയം മൂന്ന് സെന്റ് സ്ഥലവും വീടും അതുപോലെ കടയും സ്ഥാപനങ്ങളും നഷ്ടപ്പെടുന്നവരുടെ പുനരധിവാസ പാക്കേജുൾപ്പെടെയുള്ള കാര്യങ്ങൾ പൂർണ്ണമായും ഗവൺമെന്റിന്റെ മുമ്പിലാണ്. ഗവൺമെന്റ് അത് പരിഗണിക്കുമോ എന്നുള്ള കാര്യം എനിക്ക് ഉറപ്പ് നൽകാൻ കഴിയില്ല, അത് തീരുമാനിക്കേണ്ടത്

ഗവൺമെന്റാണെന്ന് കളക്ടർ സൂചിപ്പിക്കുകയുണ്ടായി.. അങ്ങനെ വരികയാണെങ്കിൽ സർവ്വേ നടത്താൻവേണ്ടി സഹായിച്ച രാഷ്ട്രീയപാർട്ടികളും ജനപ്രതിനിധികളും പ്രതിക്കൂട്ടിലാകുന്ന സാഹചര്യമുണ്ടാകും. സർക്കാർ ഒരു വികസന പരിപാടി നടപ്പിലാക്കുമ്പോൾ അതിനോട് നെഗറ്റീവായ സമീപനം സ്വീകരിക്കാതെ അനുകൂലമായ സമീപനം സ്വീകരിക്കുന്നത് ഭൂമി നഷ്ടപ്പെടുന്നവർക്ക് ന്യായമായ നഷ്ടപരിഹാരം കൊടുക്കുമെന്ന സർക്കാരിന്റെ വാക്ക് വിശ്വസിച്ചുകൊണ്ടാണ്. തൃശ്ശൂരിലെ ജില്ലാ കളക്ടറാണ് ഇപ്പോൾ ഇക്കാര്യം പറഞ്ഞത്. നാളെ വേറൊരു ഉദ്യോഗസ്ഥൻ ആ സ്ഥാനത്ത് വന്നുകഴിഞ്ഞാൽ ഈ നടപടിതന്നെ ഉണ്ടായിക്കൊള്ളണമെന്ന് നിർബന്ധമില്ല. അത് കളക്ടർ ഞങ്ങളോട് പറഞ്ഞ കാര്യമാണ്. അതുകൊണ്ട് ഇക്കാര്യത്തിൽ ഉറപ്പുണ്ടാക്കാനുള്ള ഉത്തരവാദിത്വം സംസ്ഥാന ഗവൺമെന്റിനും പൊതുമരാമത്ത് വകുപ്പിനുമാണ്. അതിനകത്ത് ഒരു പ്രശ്നം, 753.8 ഏക്കർ ഭൂമി ഏറ്റെടുക്കുമ്പോൾ പ്രോജക്ടിൽ നഷ്ടപരിഹാരത്തിനായി മാറ്റിവച്ചതായി പറയുന്നത് 178.5 കോടി രൂപയാണ്. അങ്ങനെ നോക്കുമ്പോൾ ഒരു സെന്റ് ഭൂമിക്ക് 23000 രൂപ മാത്രമേ ലഭിക്കുകയുള്ളൂ എന്നതാണ് ഭൂമി നഷ്ടപ്പെടുന്നവരുടെ ആശങ്ക. ഗവൺമെന്റ് വേറെ കാര്യം പറയുന്നുണ്ടെങ്കിലും പ്രോജക്ടിൽ വച്ചിരിക്കുന്ന തുക ഇതാണ്. ഈ തുക മാത്രമേ കൊടുക്കൂ എന്നാണ് ഹൈവേ അതോറിറ്റി പറയുന്നത്. അവിടെ ഒരു സെന്റ് ഭൂമിക്ക് ഏറ്റവും കുറഞ്ഞത് നാലു ലക്ഷം രൂപ വിലയുണ്ട്. സെന്റിന് 4 ലക്ഷം മുതൽ 15 ലക്ഷം രൂപ വരെയും കൊടുങ്ങല്ലൂർ ടൗണിൽ 20 ലക്ഷം രൂപ വരെയും ഭൂമിക്ക് വിലയുള്ള അവിടെ 23000 രൂപയ്ക്ക് ഭൂമി കൊടുക്കണമെന്നു പറഞ്ഞാൽ ആളുകളെ കൊല്ലുന്നതിന് തുല്യമാണ്. സർവ്വ സമ്പാദ്യങ്ങളുമുപയോഗിച്ച് നിർമ്മിച്ച വീടുകളും

സ്ഥാപനങ്ങളുമെല്ലാം നഷ്ടപ്പെട്ടു പോവുകയാണ്. അതുകൊണ്ട് കളക്ടറും ഗവൺമെന്റും ഇക്കാര്യത്തിൽ ഒരു സമഗ്രമായ പാക്കേജ് കൊണ്ടുവരണമെന്നാണ് പറയാനുള്ളത്. പാക്കേജ് കൊണ്ടുവരാതെ, അതിന്റെ അടിസ്ഥാനത്തിലല്ലാതെ സർവ്വേ നടപടികൾ പൂർത്തീകരിച്ചാലും ശരി, 3 ഡി നോട്ടിഫിക്കേഷൻ നടത്തണമെങ്കിൽ........ ഇക്കാര്യം ഉറപ്പു നൽകിയതിനുശേഷം മാത്രമേ നോട്ടിഫിക്കേഷൻ നടപടികളുമായി മുന്നോട്ടുപോകുകയുള്ളൂ എന്ന് സർവ്വകക്ഷി യോഗത്തിൽ ഗവൺമെന്റ് അന്ന് പറഞ്ഞിരുന്നതാണ്. അതിനു വിരുദ്ധമായി കടയും വീടും ഭൂമിയും നഷ്ടപ്പെടുന്നവർക്ക്, മതിയായ നഷ്ടപരിഹാരവും സമഗ്രമായ പുനരധിവാസ പാക്കേജും നടപ്പിലാക്കാതെ ഈ ഗവൺമെന്റ് 45 മീറ്റർ വീതിയിൽ ഹൈവേ വികസിപ്പിക്കുന്നതിന് ഭൂമി ഏറ്റെടുക്കുന്നതിനുവേണ്ടി അവിടേയ്ക്ക് വന്നാൽ വിളപ്പിൽശാലയിലുണ്ടായതിനേക്കാൾ ശക്തമായ സമരം അവിടെയുണ്ടാകും. മറ്റൊന്നും ഇതിനെ സംബന്ധിച്ച് പറയുന്നില്ല. ചെയറിൽ ഇരിക്കുന്ന അങ്ങേയ്ക്കറിയാം സുപ്രീം കോടതി വിധി ഉണ്ടായിട്ടുപോലും ജനങ്ങളുടെ എതിർപ്പിന്റെ ഭാഗമായി അങ്ങ് സുപ്രീംകോടതി വിധിക്കെതിരായി നിന്ന ഒരു വ്യക്തിയാണ്. എന്നതുപോലെ ഹൈവേ അതോറിറ്റിയും ഗവൺമെന്റും എന്ത് പറഞ്ഞാലും ...... ഇപ്പോൾ സമരം നടക്കുന്നുണ്ട്. ജനങ്ങളെ ശത്രുപക്ഷത്ത് നിർത്തി അറസ്റ്റ് ചെയ്ത് ജയിലിടച്ച് ചെയ്യേണ്ട കാര്യമല്ല ഇത്. സമര സമിതിയിലെ ആളുകൾ പാവപ്പെട്ടവരാണ്. അവരെയും പോലീസ് അറസ്റ്റ് ചെയ്യുന്നു. ഇന്നലെയും അറസ്റ്റ് ചെയ്തു. അങ്ങനെയൊരു ഏറ്റുമുട്ടൽ നടത്തി പോകേണ്ട കാര്യമെന്താണ്? അതുകൊണ്ട് അറസ്റ്റ് ചെയ്താലുംശരി ആ കേസ്സുകൾ പിൻവലിക്കണം. അവരെല്ലാം ഭൂമി നഷ്ടപ്പെടുമോ എന്ന് ആശങ്കയുള്ളവരാണ്. ആ ആശങ്ക

മാറ്റാൻവേണ്ടിയിട്ടുള്ള പരിഹാര മാർഗ്ഗങ്ങളാണ് ഗവൺമെന്റ് കാണേണ്ടത്. അല്ലാതെ ജനങ്ങളെ ശത്രുപക്ഷത്ത് നിർത്തി വികസനത്തിനുവേണ്ടി ഭൂമി ഏറ്റെടുക്കുന്ന സ്ഥിതിവിശേഷം ഒരു കാരണവശാലും ഉണ്ടാകാൻ പാടില്ല. അതുകൊണ്ട് ഈ പാക്കേജ് എന്താണെന്ന കാര്യം നിയമസഭയിൽ പറയുകയും മുഖ്യമന്ത്രിയും പി.ഡബ്ല്യു.ഡി. മന്ത്രിയും ഈ ഭൂമി നഷ്ടപ്പെടുന്നവരെയും സർവ്വകക്ഷികളെയും വിളിച്ചുകൊണ്ട്, സമഗ്രമായ ഒരു പാക്കേജ് സെക്ഷൻ 3-ഡി നോട്ടിഫിക്കേഷൻ വരുന്നതിനുമുമ്പ് പ്രഖ്യാപിച്ചുകൊണ്ട് മുന്നോട്ടു പോയില്ലെങ്കിൽ, അവിടെ ഭൂമി ഏറ്റെടുക്കാൻവേണ്ടി വരുന്ന ഉദ്യോഗസ്ഥന്മാർക്ക് അതേറ്റെടുക്കാൻ പറ്റാത്ത വിധത്തിൽ ഞങ്ങൾ ഉൾപ്പെടെയുള്ള ആളുകൾ ചേർന്നുനിന്ന് അത് പ്രതിരോധിക്കേണ്ടി വരുമെന്ന കാര്യം ഞാൻ സൂചിപ്പിക്കുകയാണ്. അതുകൊണ്ട് ഈ വികസനത്തിന് ഞങ്ങളെതിരല്ല. ഞങ്ങൾ പൂർണ്ണമായിട്ടും അനുകൂലമാണ്. പക്ഷേ, പാക്കേജ് പരിപൂർണ്ണമായി നടപ്പാക്കുമെന്ന ഉറപ്പ് അങ്ങ് ഈ സഭയിലും അതിനുശേഷം സർവ്വകക്ഷി യോഗത്തിലും പ്രഖ്യാപിക്കുകയും അതിന് ഉറപ്പ് ഉണ്ടാക്കുകയും ചെയ്യണമെന്ന് ഞാൻ സവിനയം അഭ്യർത്ഥിക്കുകയാണ്.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, വർദ്ധിച്ചുവരുന്ന വാഹന സാന്ദ്രത കണക്കിലെടുത്ത് ദേശീയ പാത 17 സർവ്വീസ് റോഡോടുകൂടി നാലുവരി പാതയായി വികസിപ്പിക്കുന്നതിന് ദേശീയ പാത അതോറിറ്റിക്ക് കൈമാറിയിട്ടുണ്ട്. കേന്ദ്ര ഗതാഗത മന്ത്രാലയത്തിന്റെ മാർഗ്ഗരേഖ പ്രകാരം സർവ്വീസ് റോഡോടുകൂടിയ നാലുവരി പാതയായി വികസിപ്പിക്കുന്നതിന് റോഡിന്റെ വീതി 60 മീറ്ററായിട്ടാണ് കേന്ദ്ര ഗവൺമെന്റ് നിശ്ചയിച്ചിരുന്നത്. എന്നാൽ കേരളത്തിൽ സ്ഥലത്തിന്റെ ലഭ്യത

കുറവും ജനങ്ങളുടെ സ്ഥലമെടുപ്പിനെതിരെയുമുള്ള വ്യാപകമായ പ്രതിഷേധവും സർവ്വകക്ഷി യോഗത്തിന്റെ ശുപാർശയും സംസ്ഥാന സർക്കാരിന്റെ സമ്മർദ്ദവും കണക്കിലെടുത്ത് കേരളത്തിൽ റോഡിന്റെ വീതി 45 മീറ്ററായി നിജപ്പെടുത്താൻ കേന്ദ്ര ഗവൺമെന്റ് സമ്മതിക്കുകയാണുണ്ടായത്. റോഡ് വികസനത്തിനായി സ്ഥലം ഏറ്റെടുക്കുമ്പോൾ വീടും സ്വത്തും നഷ്ടപ്പെടുന്ന ആളുകൾക്കായി ഉദാരമായൊരു പുനഃരധിവാസ പാക്കേജ് കേരളസർക്കാർ നടപ്പിലാക്കിയിട്ടുണ്ട്. എങ്കിലും ഭൂമിയും വീടും ഉൾപ്പെടെ മുഴുവൻ സ്വത്തും നഷ്ടപ്പെടുന്നവർക്ക് ഇതു സംബന്ധിച്ച് ആശങ്കകൾ നിലനിൽക്കുന്നുവെന്നത് വസ്തുതയാണ്. ഇതുമൂലം കേരളത്തിലെ ദേശീയപാത വികസനത്തിനായി സ്ഥലമെടുപ്പിൽ പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. തൃശ്ശൂർ ജില്ലയുടെ പരിധിയിൽ വരുന്ന പ്രദേശങ്ങളിൽ സ്ഥലമെടുപ്പ് സംബന്ധിച്ച് 4-7-2012-ൽ 3-എ വിജ്ഞാപനം പുറപ്പെടുവിച്ചെങ്കിലും പൊതു ജനങ്ങളുടെ ഭാഗത്തു നിന്നുള്ള ശക്തമായ എതിർപ്പു കാരണം സർവ്വേ നടപടികൾ പൂർത്തിയാക്കാൻ സാധിച്ചിട്ടില്ല. ആയതുകൊണ്ട് സെക്ഷൻ 3-ഡി വിജ്ഞാപനവും പുറപ്പെടുവിച്ചിട്ടില്ല. കേരളത്തിൽ നിലവിലുള്ള ആർ & ആർ പോളിസിയുടെ പരിധിയിൽ നിന്നുകൊണ്ട് സ്ഥലമെടുപ്പുമൂലം ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് പരമാവധി കുറയ്ക്കുന്നതിനും ഏറ്റവും ഉയർന്ന നിരക്കിൽ നഷ്ടപരിഹാരം വിതരണം ചെയ്യുന്നതിനും സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ട്. പേവ്ഡ് ഷോൾഡറോടുകൂടി രണ്ടുവരി പാതയായി വികസിപ്പിക്കുന്നതിന് അഞ്ചു റോഡുകൾ ദേശീയപാത അതോറിറ്റി നിർദ്ദേശിച്ചിരുന്നു. ബോഡിമേട് -കുണ്ടന്നൂർ, കൊല്ലം - കടുത്തുരുത്തി, കോഴിക്കോട്-മുത്തങ്ങ, കോഴിക്കോട്-പാലക്കാട്, കൊല്ലം-തേനി മുലയാവയാണ് അഞ്ചു റോഡുകൾ.

എന്നാൽ കാര്യമായ രീതിയിൽ റോഡ് വികസിപ്പിക്കാതെ ടോൾ പിരിക്കുന്നത് കേരളത്തിന്റെ സാഹചര്യത്തിൽ അഭികാമ്യമല്ലാത്തതിനാൽ ഈ റോഡുകൾ ഈ പദ്ധതിയിൽ നിന്നും ഡീ-ലിങ്ക് ചെയ്യാനും ഇവയുടെ വികസനത്തിനായി പ്രത്യേക തുക അനുവദിക്കുവാനും കേന്ദ്ര സർക്കാരിനോട് ഈ സർക്കാർ ആവശ്യപ്പെടുകയും, കേന്ദ്രസർക്കാർ ഇത് അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ എൻ.എച്ച്-47-ന്റെയും എൻ.എച്ച്-17-ന്റെയും കാര്യത്തിൽ ഇത്തരം ഒരു നിലപാട് എടുക്കാൻ കഴിയില്ല. എൻ.എച്ച് -47-ന്റെയും എൻ.എച്ച്-17-ന്റെയും വികസനത്തിനായി ഭൂമി ഏറ്റെടുക്കൽ ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ കുറെയധികം മുന്നോട്ടുപോയിട്ടുണ്ട്. എൻ.എച്ച്-47-ന്റെ കുറച്ചുഭാഗം പണിപൂർത്തിയായി ടോൾ പിരിവ് ആരംഭിച്ചു. ഈ രണ്ട് ദേശീയപാതകളുടെയും കാര്യത്തിൽ മുൻസർക്കാർ സ്റ്റേറ്റ് സപ്പോർട്ട് എഗ്രിമെന്റ് ഒപ്പിടുകയും കേന്ദ്ര സർക്കാരുമായി കരാറിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്. ഈ രണ്ട് ദേശീയപാതകൾക്കായി 45 മീറ്റർ വീതിയിൽ ഭൂമി ഏറ്റെടുത്ത് നൽകേണ്ടത് സംസ്ഥാന ഗവൺമെന്റിന്റെ ചുമതലയിൽപ്പെട്ട കാര്യമാണ്. അതിനായി ബഹുമാനപ്പെട്ട ജനപ്രതിനിധികൾ സഹകരിക്കണമെന്നാണ് അഭ്യർത്ഥിക്കുന്നത്. അങ്ങ് പറഞ്ഞ ഒരു പ്രധാന സംഗതി, ഇതിനകത്ത് ഒരു കൺഫ്യൂഷൻ ഉണ്ടായിട്ടുണ്ട്, നമ്മുടെ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇൻഡ്യയുടെ ഉദ്യോഗസ്ഥന്മാർ കേരളത്തിൽ ആർ ആന്റ് ആർ പാക്കേജ് നടപ്പിലാക്കില്ലെന്ന് പലരോടും പറഞ്ഞതായിട്ടുള്ള വിവരം ഗവൺമെന്റിന് കിട്ടിയിട്ടുണ്ട്. തീർച്ചയായിട്ടും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഒരു സൗകര്യവുംകൂടി പരിഗണിച്ച് മുഴുവൻ ആളുകളെയും വിളിച്ചുകൂട്ടാൻ കഴിയുകയില്ല, ആ ഭാഗത്തെ ജനപ്രതിനിധികളെയും

ആക്ഷൻ കൗൺസിലിന്റെ ആളുകളെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരെയും വിളിച്ചുവരുത്തി ഈ കാര്യത്തിൽ ഒരു വ്യക്തത കൈവരിക്കുന്നതാണ്. പക്ഷേ, ഈ സർവ്വേ നടപടികളുമായി മുന്നോട്ടു പോയില്ലെങ്കിൽ വീണ്ടും വിജ്ഞാപനം പുറപ്പെടുവിക്കാൻ താമസിക്കുകയും 3-ഡി നോട്ടിഫിക്കേഷൻ ക്യാൻസലായി പോകുന്ന സ്ഥിതിവിശേഷമുണ്ടാകുകയും ചെയ്യും. അതുകൊണ്ട് ബഹുമാനപ്പെട്ട ജനനേതാക്കളും ജനപ്രതിനിധികളും സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഇതിനെ സംബന്ധിച്ചൊരു കോൺഫറൻസ് വിളിച്ചുചേർക്കുന്നതാണ്.

ശ്രീ. വി. എസ്. സുനിൽ കുമാർ : സർ, അങ്ങ് ഇവിടെ പറഞ്ഞത് 3- ഡി നോട്ടിഫിക്കേഷൻ വരുന്ന തടസ്സത്തെക്കുറിച്ചാണ്. ഞങ്ങളാരും സർവ്വേക്ക് ഇതുവരെ തടസ്സം നിന്നിട്ടില്ല. പക്ഷേ, അവിടെ ഹൈവേ അതോറിറ്റി കൺഫ്യൂഷൻ ഉണ്ടാക്കുകയാണ്. അവർ പറയുന്ന ഒന്നാമത്തെ കാര്യം 178.52 കോടി രൂപ മാത്രമേ ഇതിനകത്തുള്ളൂവെന്നാണ്. അങ്ങനെ വരുമ്പോൾ 23,000 രൂപ മാത്രമേ ഒരു സെന്റിന് കൊടുക്കാൻ കഴിയുകയുള്ളു എന്ന നിലപാടാണ് അവർ എടുക്കുന്നത്. രണ്ടാമത്തെ കാര്യം, അവിടെ ഇങ്ങനെ പറയുന്ന സ്ഥലങ്ങളിലെ അലൈൻമെന്റ് സംബന്ധിച്ചാണ്. ഒരു റോഡിന്റെ മധ്യഭാഗം കേന്ദ്രീകരിച്ച് ഇരുഭാഗത്തുനിന്നും ഏകദേശം ഒരു പോലെ എടുക്കുമെന്നതിന് വിരുദ്ധമായ നിലയിലാണ്....... ചില സ്ഥലങ്ങളിൽ ചില ആളുകൾക്കുവേണ്ടി, ചില ബാർ ഉടമസ്ഥന്മാർക്കുവേണ്ടി, ഇപ്പോൾ മണപ്പുറം ഫൈനാൻസിന്റെ ഉടമസ്ഥന്റെ കെട്ടിടത്തിന് ഒരു കുഴപ്പവുമില്ല. അങ്ങനെ പല ആളുകൾക്കുംവേണ്ടി .......ഹൈവേ അതോറിറ്റിയിലെ ചില ഉദ്യോഗസ്ഥന്മാർ താമസിക്കുന്ന സ്ഥലം അവിടെ ഹൈവേയുടെ

അലൈൻമെന്റിൽ വ്യത്യാസം വന്നിരിക്കുന്നു. അതുകൊണ്ട് ജനങ്ങൾക്ക് ന്യായമായിട്ടും സംശയം തോന്നുന്നവിധത്തിൽ അലൈൻമെന്റിലുണ്ടായിരിക്കുന്ന അപാകത മാറ്റാൻ കൂടിയുള്ള തീരുമാനം എടുക്കാൻ കഴിയുമോ? ഈ സർവ്വകക്ഷിയോഗത്തിൽ എന്താണ് നഷ്ട പരിഹാരം എന്നതിനെക്കുറിച്ച് അറിയിച്ചതിന് ശേഷംമാത്രമേ 3-ഡി നോട്ടിഫിക്കേഷൻ നടത്തുകയുള്ളൂ എന്നുള്ള ഉറപ്പുകൂടി ഗവൺമെന്റ് തരണം. അക്കാര്യത്തെക്കുറിച്ചുള്ള അഭിപ്രായമാണ് അങ്ങ് പറയുവാനുള്ളത്.

<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u> : സർ, അങ്ങ് ഇവിടെ വ്യക്തമാക്കിയ പല കാര്യങ്ങളും ശരിയാണ്. ഒന്നാമതായി നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇൻഡ്യയുടെ ഉദ്യോഗസ്ഥന്മാർ ജനങ്ങളെ കൺഫ്യൂസ് ചെയ്തതായി ഗവൺമെന്റിന് വിവരം ലഭിച്ചിട്ടുണ്ട്. അതുകൊണ്ടാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സമയംകൂടി നോക്കി അത്തരത്തിലൊരു കോൺഫറൻസ് വിളിക്കാം എന്നിവിടെ വ്യക്തമാക്കിയത്. നമ്മെ സംബന്ധിച്ചിടത്തോളം ഈ ഗവൺമെന്റ് വന്നതിനുശേഷം ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ റവന്യൂ വകുപ്പുമന്ത്രിയായിരുന്നപ്പോൾ ഒരു ആർ ആന്റ് ആർ പോളിസി വന്നു. ആ പോളിസിയനുസരിച്ച് നമ്മൾ എടുത്തിട്ടുള്ള സ്ഥലങ്ങളെല്ലാം ആളുകൾക്ക് വളരെ ഇഷ്ടമാണ്. എറണാകുളത്ത് വ്യക്തമായി പറയുകയാണെങ്കിൽ എറണാകുളം കളക്ടർ 40,000 രൂപയും 50,000 രൂപയും ഭൂമിക്ക് വിലയുള്ള സ്ഥലങ്ങളിൽപോലും അവിടെ വാല്യുവേഷൻ നടത്തി നിയമപരമായി 2,40,000 രൂപ വരെ കൊടുത്തു. കൊടുത്ത ആളുകൾക്ക് വലിയ സന്തോഷമായി. ഇത് വളരെ സുതാര്യമാണ്. അതേ സമയത്ത് ഫ്ളക്സിബിളുമാണ്. നന്നായിട്ട് ചെയ്യാവുന്നതാണ്. കളക്ടർമാർക്ക് ഇത് ചെയ്യാവുന്ന കാര്യമുണ്ട്.

പക്ഷേ, ഈ കേസ്സിൽ, നാഷണൽ ഹൈവേയുടെ കാര്യത്തിൽ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇൻഡ്യയുടെ ഉദ്യോഗസ്ഥന്മാർ കൺഫ്യൂസ് ചെയ്യുന്നുണ്ട്. തീർച്ചയായിട്ടും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സമയം നോക്കി യോഗം വിളിച്ചുചേർക്കുന്നതാണ്. അലൈൻമെന്റിന്റെ കാര്യത്തിൽ എൻ.എച്ച് 47-ലും എൻ.എച്ച് 17-ലും തർക്കമുണ്ട്. ഇതിന് ന്യായമായ ഒരു പരിഹാരമുണ്ടാക്കാൻ ചീഫ് സെക്രട്ടറി അധ്യക്ഷനായിട്ടുള്ള ഒരു കമ്മിറ്റിയെ എടുത്തിട്ടുണ്ട്. ചീഫ് സെക്രട്ടറിക്ക് ആപ്ലിക്കേഷൻ കൊടുത്ത് പരിശോധിച്ച് ചെയ്യാവുന്നതാണ്. പക്ഷേ, അലൈൻമെന്റ് മൊത്തത്തിൽ പുന:പരിശോധിക്കുക എന്നുപറഞ്ഞാൽ ഇനി ഇരുപത്തഞ്ച് വർഷം കഴിഞ്ഞാൽപ്പോലും ഈ റോഡ് വരില്ല എന്നാണ് എന്റെ അഭിപ്രായം.